# INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE: 17/04/2025 |
|---|---|---|
| Worksheet | Lesson: Writing | Topic: അവധാരണം |

## അവധാരണം (Comprehension)

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

കേരളത്തിന്റെ തനത് ക്ലാസിക്കൽ കലാരൂപമാണ് കഥകളി. നാലു നൂറ്റാണ്ടോളം പഴക്കമുള്ള സാഹിത്യ-ഗാന-അഭിനയ പാരമ്പര്യത്തിന്റെ പ്രതിനിധാനം കൂടിയാണ് ഈ കലാരൂപം. സകല രാജ്യക്കാരെയും ഒരുപോലെ ആകർഷിച്ചിട്ടുള്ള ഒരു ദൃശ്യകലയാണിത്. കൂത്തും കൂടിയാട്ടവും മികച്ച ക്ലാസിക്കൽ കലകളായിരുന്നെങ്കിലും അവ ക്ഷേത്രങ്ങൾക്കകത്തു മാത്രമേ പ്രദർശിപ്പിക്കപ്പെട്ടിരുന്നുള്ളു. ഈ സാഹചര്യത്തിലാണ് കഥകളിയുടെ ആദിമരൂപമെന്ന് ഇന്ന് പരക്കെ അംഗീകരിക്കപ്പെടുന്ന രാമനാട്ടം ഉടലെടുത്തത്. രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാനാണ്. ശ്രീരാമകഥയെ എട്ടായി വിഭജിച്ച് എട്ടു ദിവസം കൊണ്ട് അഭിനയിക്കുന്നതാണ് ഇതിന്റെ ഘടന. രാമനാട്ടത്തിന് പ്രാചീനദൃശ്യകലാ പ്രസ്ഥാനങ്ങളോട് കടപ്പാടുണ്ട്. കാലക്രമം കൊണ്ട് ഇതിന് പല പരിഷ്കാര ങ്ങളുമുണ്ടായി. അങ്ങനെ പരിവർത്തനം ചെയ്തതിന്റെ ഫലമാണ് ഇന്നത്തെ കഥകളി. കോഴിക്കോട്ടു സാമൂതിരിയും കൊട്ടാരക്കരത്തമ്പുരാനും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസത്തിന്റെ ഫലമായിട്ടാണ് രാമനാട്ടം ജനിച്ചത് എന്നും ഐതിഹ്യമുണ്ട്.

1. ഏതു പാരമ്പര്യത്തെയാണ് കഥകളി പ്രതിനിധാനം ചെയ്യുന്നത്? (2)

   ..........................................................................

   ..........................................................................

2. കൂത്തിനും കൂടിയാട്ടത്തിനും ഉണ്ടായിരുന്ന പോരായ്മയെന്ത്? (2)

   ..........................................................................

   ..........................................................................

3. കഥകളിയുടെ ആദിമരൂപം എന്ന് അംഗീകരിക്കപ്പെടുന്ന കലാരൂപം ഏത്? (2)

..........................................................................

..........................................................................

4. രാമനാട്ടത്തിന്റെ ജനനത്തെക്കുറിച്ചുള്ള ഐതിഹ്യം എന്ത്? (2)

..........................................................................

..........................................................................

..........................................................................

..........................................................................

5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക (2)

..........................................................................

..........................................................................

***